7

# സ്നാനവും "ക്രിസ്തുവിനെ ധരിക്കലും"

*"ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. ക്രിസ്തുവിന്നുള്ളവർ എങ്കിലോ, നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്ത പ്രകാരം അവകാശികളും ആകുന്നു" (ഗലാത്യർ 3:26-29).*

ദൈവമക്കൾ ആകുക എന്നതാണ് ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട ബന്ധങ്ങളിൽ ഒന്ന്. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ദൈവം തരുന്ന ഉപകാരങ്ങൾ ഈ ബന്ധത്തെ ആസ്പദമാക്കിയാണ് (റോമർ 8:17; ഗലാത്യർ 4:7).

രക്ഷക്കും പുത്രത്വത്തിനും പഴയ നിയമ കല്പനകളെ ആശ്രയിക്കുവാൻ ചിലർ ഗലാത്യയിലുള്ള ക്രിസ്ത്യാനികളെ ഉപദേശിച്ചിരുന്നതു പൗലൊസിനെ ഉൽക്കണ്ഠയിലാക്കി. നീതീകരണം വരുന്നതു ന്യായപ്രമാണത്താലല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ് എന്നു പൗലൊസ് ചൂണ്ടിക്കാട്ടി (ഗലാത്യർ 2:16). നമ്മെ നീതീകരിക്കുന്ന കൃപ ന്യായപ്രമാണത്തിൽ ഇല്ല; അതുണ്ടായിരുന്നെങ്കിൽ, യേശു മരിച്ചതു വെറുതെ ആകുമായിരുന്നു (2:21).

ന്യായപ്രമാണം നല്കുന്നതിനുമുൻപു, ദൈവം അബ്രഹാം മുഖാന്തരം സകല ദേശത്തെയും അനുഗ്രഹിക്കും എന്നു വാഗ്ദാനം ചെയ്തിരുന്നു (ഗലാത്യർ 3:8; നോക്കുക ഉല്പത്തി 12:3; 22:18). ന്യായപ്രമാണം അനുഗ്രഹങ്ങളെ കൊണ്ടുവന്നില്ല; മറിച്ചു, അതു, അതിന്റെ കീഴിലുള്ളവരെ ശാപത്തിൻ കീഴിലാക്കി, കാരണം ന്യായപ്രമാണം ആവശ്യപ്പെടുന്നതെല്ലാം അനുസരിക്കുവാൻ അവർക്കു കഴിഞ്ഞില്ല (3:10). ഇതു, എങ്ങനെയായാലും, അബ്രഹാമിന്റെ ഏക സന്തതിയായ, ക്രിസ്തു

മുഖാന്തരം ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹത്തെ അസാധ്യമാക്കുന്നില്ല (3:16, 17). അവർ പാപികളാണെന്നു യിസ്രായേലിനെ മനസ്സിലാക്കുവാനായിരുന്നു, ദൈവം അവർക്കു ന്യായപ്രമാണം നല്കിയതു, അതു വാഗ്ദാനസന്തതിയായ, യേശു വരുന്നതുവരെയായിരുന്നു (3:19).

ന്യായപ്രമാണ വ്യവസ്ഥയിലെ നിലവാരം, അതു പാലിക്കാതിരുന്നാൽ, നീതിമാന്മാരാകാതെ, നിയമലംഘികൾ ആക്കുകയായിരുന്നു. എന്നാൽ പാപികളെ നീതിമാന്മാരാക്കുന്നതു, കൃപയാൽ, യേശു മൂല മത്രേ. ന്യായപ്രമാണം ജീവിപ്പിക്കുന്ന പ്രമാണം ആയിരുന്നു എങ്കിൽ, ന്യായപ്രമാണം മുഖാന്തരം നീതി ലഭിക്കുമായിരുന്നു (3:21). കൃപയില്ലാത്തതുകൊണ്ടു ന്യായപ്രമാണ വ്യവസ്ഥ അതിൻകീഴുള്ളവരെ ശാപത്തിൻ കീഴാക്കുവാൻ പരീക്ഷിക്കപ്പെടുന്നു, ആ വ്യവസ്ഥയിൽ നീതിമാന്മാരാകണമെങ്കിൽ അവർ ന്യായപ്രമാണം ലംഘിക്കാതിരിക്കണം (3:10). നാം ആരും ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുകയില്ല, കാരണം നാം എല്ലാം പാപം ചെയ്യുന്നു (3:21, 22; നോക്കുക റോമർ 3:23). നിയമലംഘികളായ നമുക്ക് നീതിമാന്മാരാകുവാൻ, നാം യേശു ക്രിസ്തുവിന്റെ പ്രവൃത്തികളിൽ ആശ്രയിക്കണം (3:22). നിയമ വ്യവസ്ഥയാൽ കർശനമാക്കിയ നമ്മുടെ പ്രവൃത്തിയിൽ ആശ്രയിക്കുവാൻ സാധ്യമല്ല.

ക്രിസ്ത്യാനികളും അ - ക്രൈസ്തവരും ഏതെങ്കിലും തരത്തിലുള്ള നിയമം അനുസരിച്ചു കണക്കു കൊടുക്കണം; അല്ലെങ്കിൽ പാപികൾ തന്നെ കാണുകയില്ല. “ന്യായപ്രമാണം ഇല്ലാത്തേടത്ത് ലംഘനവും ഇല്ല” (റോമർ 4:15). ലംഘനമില്ലെങ്കിൽ, കൃപയ്ക്കും സ്ഥാനമില്ല. ക്രിസ്തീയ കാലത്തിൽ, നാം ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണ് (1 കൊരിന്ത്യർ 9:21; ഗലാത്യർ 6:2). ക്രിസ്തുമൂലം ലഭിക്കുന്ന കൃപയാലും നാം അനുഗ്രഹീതരാണ് - ആ കൃപ ന്യായപ്രമാണത്തിൽ ഇല്ലായിരുന്നു (ഗലാത്യർ 5:4). തനിക്കു മുൻപു ജീവിച്ചവർക്കും, കൃപ ലഭിക്കേണ്ടതിനായിരുന്നു യേശു മരിച്ചത് (എബ്രായർ 9:15) സർവ്വലോകത്തിനും (1 യോഹന്നാൻ 2:2), സകല കാലത്തുള്ള ജനത്തിനും.

ന്യായപ്രമാണത്തിന്റെ ഉദ്ദേശം യേശു നമ്മുടെ രക്ഷകൻ എന്നു പഠിപ്പിക്കേണ്ട ഉദ്ദേശമായിരുന്നു (ഗലാത്യർ 3:24). നമ്മുടെ നീതി പ്രവൃത്തികൾ കൊണ്ടു നീതീകരിക്കാനാവുകയില്ല എന്നു ന്യായപ്രമാണം പഠിപ്പിക്കുന്നു - അവന്റെ പ്രവൃത്തികൾ മുഖാന്തരമാണ് നീതീകരണം ലഭിക്കുന്നത്. ഇപ്പോൾ യേശു വരികയും അവനിലുള്ള വിശ്വാസത്താൽ നമ്മെ അവനിൽ വിശ്വസിപ്പിച്ച് നീതിമാന്മാരായിത്തീരുവാൻ, നാം ഇനി “ശിശുപാലകന്റെ കീഴിലല്ല” (3:25).

യിസ്രായേൽ ദൈവത്തിന്റെ നിയമം ഉള്ള ജനം എന്ന തിരിച്ചറിവാണ് അവർക്കു ന്യായപ്രമാണം നല്കിയത്. നാം സ്നാനം ഏല്ക്കുമ്പോൾ, ഇപ്പോൾ എല്ലാവർക്കും - യെഹൂദന്മാർക്കും ജാതികൾക്കും - ക്രിസ്തുയേശുവിലുള്ള വിശ്വാസം മുഖാന്തരം, ദൈവമക്കളായി തീരാൻ കഴിയുന്നു (ഗലാത്യർ 3:26, 27). വർഗ്ഗവ്യത്യാസമോ, സാമൂഹ്യ നിലവാരമോ, അല്ലെങ്കിൽ മറ്റു ഭൗതിക വ്യത്യാസമോ കണക്കാക്കാതെ,

ദൈവമക്കളാകുമ്പോൾ, നാമെല്ലാം ക്രിസ്തുവിൽ ഒന്നാകുന്നു (3:28).

### "ക്രിസ്തു യേശുവിലുള്ള വിശ്വാസം മൂലം ദൈവമക്കൾ ആകുന്നു" (3:26)

പൗലൊസ് പറഞ്ഞതനുസരിച്ചു, സ്നാനപ്പെടുന്ന നിമിഷത്തിൽ നാം ക്രിസ്തുവിനോടു ചേരുകയും, ക്രിസ്തുവിൽ ദൈവമക്കൾ ആകുകയും ചെയ്യുന്നു. ക്രിസ്തുവിനോടു ചേരുമ്പോൾ, നാം ദൈവമക്കൾ ആകുക മാത്രമല്ല, അവന്റെ സ്വഭാവത്തിനും പങ്കുകാരാകുന്നു. "'ക്രിസ്തുവിൽ' എന്ന പ്രയോഗം അനുയോജ്യമാകുവാൻ ആ പ്രസ്താവന മുഴുവൻ എടുക്കുകയും, പൗലൊസ് മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ച അർത്ഥത്തിൽ വ്യാഖ്യാനിക്കയും വേണം, അതായതു, ക്രിസ്തുവുമായി ഏറ്റവും അടുത്ത ബന്ധത്തിൽ അവന്റെ കൂട്ടായ്മയിലേക്കു പ്രവേശിക്കുന്നു."[1]

ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് ഇതേ ആശയം ലളിമായി പറഞ്ഞിട്ടുണ്ട്:

> നാം ദൈവ മക്കളായാൽ, പിന്നെ നാം "വിശ്വാസം മൂലം ... ക്രിസ്തു യേശുവിൽ ആകുന്നു" (വാക്യം 26), അതു സുപരിചിതമായ "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ" എന്നതിനേക്കാൾ നല്കുന്നതാണ് [കെജെവി]. വിശ്വാസം മൂലമാണ് നാം ക്രിസ്തുവിൽ ആകുന്നതും, ക്രിസ്തുവിനോടു ചേരുന്നതിലൂടെയാണ്, നാം ദൈവത്തിന്റെ മക്കൾ ആകുന്നതും.[2]

"ക്രിസ്തുവിൽ," എന്ന പ്രയോഗത്തെക്കുറിച്ചു ജെയിംസ് ഡി. ഡൺ എഴുതി,

> ഇവിടത്തെ സന്ദർഭത്തിൽ നിന്നു അതിന്റെ ശക്തിയും വ്യക്തമാണ്: "ക്രിസ്തുവിനോടു ചേരുവാൻ" വിവരിക്കുന്നത് വാക്യം 26 ലെ "ക്രിസ്തുവിൽ" എന്നാണ്; അവർ "ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റപ്പോൾ" "ക്രിസ്തുവിൽ" ആയിത്തീർന്നു ... എന്നാൽ "ഓട്" എന്നു പറയുന്നതിനേക്കാൾ അർത്ഥം "ക്രിസ്തുവിനോടു" എന്നതിലുണ്ട് അങ്ങനെ അവർ "ഇൽ," എന്നതു അവരുടെ ജീവിതവും വ്യക്തിത്വവുമെല്ലാം ക്രിസ്തുവിനോടു ബന്ധപ്പെടുമ്പോഴാണ് അവർ ക്രിസ്തുവിൽ ആകുന്നത്.[3]

പൗലൊസ് ഗലാത്യ ലേഖനത്തിൽ സാധാരണ "ഫെയിത്ത്" എന്ന വാക്ക് ഉപയോഗിച്ചപ്പോഴെല്ലാം അതിനു മുൻപു "ദ" എന്നതു ചേർത്തു. "ദ ഫെയിത്ത്" എന്നു വസ്തുനിഷ്ഠമായ അർത്ഥത്തിൽ ആണ് ഉപയോഗിച്ചത്. "ദ ഫെയിത്ത്" എന്നതിനെക്കുറിച്ചു ജോർജ് ഡങ്കൺ ചൂണ്ടിക്കാണിച്ചത്, "'ന്യായപ്രമാണം' അതിന്റെ പേർ പഴയ നിയമമെന്നായി, എന്നാൽ ലേഖനത്തിന്റെ പ്രാരംഭഘട്ടത്തിൽ പോലും, പുതിയ മതത്തിന്റെ പേർ, വന്നു കഴിഞ്ഞിരുന്നു."[4]

ഗലാത്യർ 3:26 തർജ്ജിമ ചെയ്തിരിക്കുന്നു, “ക്രിസ്തുയേശുവിലുള്ള വിശ്വാസം മൂലം, നിങ്ങൾ എല്ലാവരും ദൈവമക്കൾ ആകുന്നു” (ആർഎസ്‌വി); “ക്രിസ്തുവിൽ ഉള്ള വിശ്വാസം മൂലം നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു” (മെക്കോർഡ്സ് ന്യു ടെസ്റ്റമെന്റ്). ഈ രണ്ടു തർജ്ജിമകളുടെയും സങ്കലനം ആ വാക്യത്തിന്റെ അക്ഷരിക അർത്ഥം നല്കുന്നു: “വിശ്വാസം മൂലം നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ദൈവത്തിന്റെ മക്കൾ ആകുന്നു.”

വിശ്വാസം മൂലം യേശു നമ്മെ, കൊണ്ടുവന്നു അവനിൽ ദൈവമക്കളായി തീർക്കുന്നു. സ്നാനപ്പെടുന്ന നിമിഷമാണ് ദൈവമക്കളാകുവാൻ ക്രിസ്തുവിനോടു ചേരുന്നത്.

### “നിങ്ങൾ എല്ലാവരും ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നു” (3:27)

ക്രിസ്ത്യാനികൾ ശിശുപാലകന്റെ കീഴിൽ അല്ല, “കാരണം” (ഗ്രീക്കു വാക്ക് *ഗാർ* എന്നതിന്റെ അർത്ഥം “വിശദീകരണ രീതിയാൽ”[5]) നാം വിശ്വാസത്താൽ ദൈവമക്കൾ ആകുന്നു. ഇവിടത്തെ സൂചന എന്തെന്നാൽ ക്രിസ്തീയ കാലത്തിൽ രക്ഷകർത്താക്കൾ കൈപിടിച്ചു നടത്തുന്ന കുട്ടികൾ അല്ല നാം (ഗ്രീക്ക്.: *പെയിഡഗോഗോസ്* ആണ്, വാക്യങ്ങൾ 24, 25). “പൗലൊസിന്റെ കാലത്ത് ‘പെഡഗോഗ്’ യവനന്മാരുടേയും റോമാക്കാരുടേയും കുടുംബങ്ങളെ സേവിക്കുന്ന ദാസന്മാരായിരുന്നു, അവർ പ്രായപൂർത്തിയാകാത്ത കുട്ടികളെ വീട്ടിലും പുറത്തും നോക്കുന്നവരാണ് (ആറു മുതൽ പതിനാറു വയസ്സുവരെയുള്ളവരെ).”[6]

“പെഡഗോഗിനെ” എഫ്. എഫ്. ബ്രൂസ് വിശദമാക്കിയതു

> ... വ്യക്തിപരമായി ശ്രദ്ധിക്കുന്ന - ദാസൻ, സ്വതന്ത്രനായ - കുട്ടിനഴ്സിന്റെ കരുതലിന്നു ശേഷം, എവിടെ പോകുന്നുവോ അവിടെയെല്ലാം കുട്ടിയോടൊപ്പം പോകണം അവന്റെ ചുമതലയിൽ ആണ് ... കുട്ടിയെ സ്കൂളിലേക്കു കൊണ്ടുപോകുന്നതും ... പഠനം തീരുന്നതുവരെ കാത്തിരുന്നശേഷം, ... തിരിച്ചു വീട്ടിലേക്കു കൊണ്ടു പോകുന്നതും പഠിച്ചതു ഓർമ്മയിലുണ്ടോ എന്നു ചൊല്ലിച്ചു പഠിപ്പിക്കേണ്ടതും. പ്രായപൂർത്തിയാകുന്നതിനുമുൻപു *പെഡഗോഗുകൾ* ആ കുട്ടിയുടെ സ്വാതന്ത്ര്യത്തിൽ ആവശ്യമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. ആ സ്വാതന്ത്ര്യം ഉത്തരവാദത്തോടെ നടത്തും എന്നു അവനിൽ ആശ്രയിക്കയും വേണം.[7]

ശിശുപാലകൻ, കുട്ടിയെ സ്കൂളിലാക്കിയ ശേഷം പിന്നെ, വീടിന്റെ ദാസനായി അവന്റെ ചുമതലകൾ നിർവ്വഹിക്കും.

ഈ രീതിയിൽ, ന്യായപ്രമാണം ഒരു “പെഡഗോഗ്,” ആയി പ്രവർത്തിച്ചു, ഒരു വീട്ടുദാസൻ എന്ന നിലയിൽ, നമ്മെ യേശുവിലേക്കു കൊണ്ടുവന്നു. യേശു വന്നതിനാൽ, ഇനി നമുക്കു നമ്മുടെ രക്ഷകർത്താവായിരുന്ന ന്യായപ്രമാണത്തിന്റെ ആവശ്യമില്ല. ഇപ്പോൾ

നമുക്കു മക്കൾക്കുള്ള സ്വാതന്ത്ര്യവും അനുഗ്രഹങ്ങളും ആസ്വദിക്കാം (ഗലാത്യർ 4:6, 7), നാം വിശ്വാസത്താൽ ക്രിസ്തുവിൽ ദൈവമക്കളായിത്തീർന്നു (ഗലാത്യർ 3:26, 27).

മക്കൾ ആകുന്നതിനാൽ, വിശ്വാസത്താൽ നാം ക്രിസ്തുവിന്റെ ഭവനത്തിലാകണം "കാരണം" ("വിശദീകരണ രീതിയാൽ") ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുമ്പോൾ നാം ക്രിസ്തുവിനെ ധരിക്കുന്നു. അതായതു, നാം അവന്റെ സ്വഭാവത്തെ സ്വീകരിക്കുന്നു (ഗലാത്യർ 3:26, 27). കുട്ടികൾ മാതാപിതാക്കളുടെ സ്വഭാവം സ്വീകരിക്കുന്നതുപോലെ, സ്നാനത്താൽ നാം ദൈവ സ്വഭാവമുള്ള ദൈവമക്കൾ ആയി തീരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. നാം വിശ്വാസത്തോടു പ്രതികരിച്ചു സ്നാനം ഏല്ക്കുമ്പോൾ, ഈ ഫലങ്ങൾ നമ്മിൽ ഉളവാകുന്നു.

## "നിങ്ങൾ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (3:27)

നാം "ദൈവമക്കൾ" ആയതുകൊണ്ടു ദൈവസ്വഭാവം നമ്മിൽ വന്നു എന്ന ആശയം "ക്രിസ്തുവിനെ ... ധരിച്ചിരിക്കുന്നു" എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നു (ഗലാത്യർ 3:27), അതു "പുട്ട്ഓൺ ക്രൈസ്റ്റ്" എന്നു തർജ്ജിമ ചെയ്തിട്ടുണ്ട്. ഒരു അധികാരി ഈ നിർവ്വചനം നല്കിയിട്ടുണ്ട്:

> ആലങ്കാരികമായി "ടു പുട്ട് ഓൺ" എന്ന പ്രയോഗത്തിന്റെ അർത്ഥം "സൂചിപ്പിച്ച വ്യക്തിയുടെ സ്വഭാവം അല്ലെങ്കിൽ നിലപാട് എടുക്കുക" അല്ലെങ്കിൽ സൂചിപ്പിച്ച വ്യക്തിയെ "പോലെ ആകുക." ക്രിസ്തുവിനെ ധരിക്കുക എന്നാൽ, ക്രിസ്തുവിനെ പോലെ ആകുക, അവന്റെ സ്വഭാവത്തെ തന്റേതാക്കുക, അവൻ ദൈവ സന്നിധിയിൽ നില്ക്കുന്നതുപോലെ (ദൈവപുത്രൻ).[8]

ഹെർമൻ എൻ. റിഡർബോസ് പറഞ്ഞു:

> ഒരാൾ വസ്ത്രം ധരിക്കുന്നതുപോലെ (ഇട്ടതു: പാസിവ് ട്രാൻസിലേഷൻ, അതുപോലെ, പിന്താങ്ങുന്നവർ ചിലരുമുണ്ട്) ധരിക്കുന്ന വ്യക്തിയെ ആവരണം ചെയ്യുന്നു, അയാളുടെ പ്രത്യക്ഷതയും ജീവിതവും പിന്നീട് തിരിച്ചറിയുന്നത്, ക്രിസ്തുവിൽ സ്നാനമേല്ക്കുന്ന ആൾ ക്രിസ്തുവിനാൽ ലഭിക്കുന്ന രക്ഷയാൽ പൂർണ്ണമായും അവനെ ഉൾക്കൊള്ളുന്നു.[9]

ജോർജ് എസ്. ഡങ്കൺ പറഞ്ഞു,

> താൻ എന്തു ധരിക്കുന്നുവോ അതിനാൽ തിരിച്ചറിയുന്നതു ധരിക്കുന്നയാളെ പിന്നീടു പിടികൊടുക്കാത്ത വിധത്തിലായിരിക്കും .... അങ്ങനെ, ഒരാൾ സ്നാനമേല്ക്കുമ്പോൾ, അയാളെ പിന്നെ മുഴുവനായും ക്രിസ്തുവായി തിരിച്ചറിയുകയും, പിന്നീട് അയാൾ ആയിരിക്കയില്ല,

ക്രിസ്തു ആയിരിക്കും ജീവിക്കുന്നത്. മുൻപു ആ വ്യക്തി എങ്ങനെ ആയിരുന്നാലും, ക്രിസ്തുവിൽ അയാൾ പുതിയ സൃഷ്ടിയായി ത്തീർന്നു.[10]

അതുപോലെ നമ്മുടെ ഭൗതിക വസ്ത്രധാരണം അനുസരിച്ചായി രിക്കും നമ്മെ കാണപ്പെടുന്നത്, അതേ പോലെ ക്രിസ്തുവിനെ ധരി ക്കുന്നതോടെ അവന്റെ സ്വഭാവം നാം എടുക്കുന്നു. അങ്ങനെ സംഭവി ച്ചിരുന്നതു നാം പുറമെ സ്നാനപ്പെടുന്നതു കൊണ്ടു മാത്രമല്ല, ആത്മി യമായി നാം നമ്മുടെ "പഴയ മനുഷ്യനെ അതിന്റെ പ്രവർത്തികളോടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാ നത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കു ന്നുവല്ലോ" (കൊലൊസ്സ്യർ 3:9, 10).

യേശു പറഞ്ഞതിലും ചെയ്തതിലും ഉള്ള വിശ്വാസത്തോടെ നാം സ്നാനത്തിനു ഇറങ്ങുമ്പോൾ ദൈവം നമുക്കു രക്ഷയും പുത്രത്വവും നല്കുന്നു. സ്നാനത്തിൽ തന്നെയുള്ള മൂല്യമനുസരിച്ചല്ല ദൈവം നമുക്കു പ്രതിഫലം തരുന്നതു, പക്ഷെ പ്രവൃത്തിയിലേക്കു നമ്മെ നയിച്ച വിശ്വാസത്തെ ആസ്പദമാക്കിയാണ്. സ്നാനം അവസാനമല്ല; മറിച്ചു, അതു യേശുവിലുള്ള വിശ്വാസത്തെ ആസ്പദമാക്കി ജീവന്റെ പുതുക്കത്തിലേക്കു മാറ്റുന്ന ഒന്നാണ്. നാം ദൈവമക്കളാകുമ്പോൾ, അവിടെ കാണുന്ന ദൈവഭവനത്തിലെ യേശുവിന്റെ സ്വഭാവം നമ്മിൽ വരുന്നു.

## "നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (3:26, 28, 29)

### സ്നാനവും ഏകത്വവും

"നിങ്ങൾ എല്ലാം ദൈവത്തിന്റെ മക്കൾ ആകുന്നു" എന്ന പ്രയോഗം (ഗലാത്യർ 3:26) പൗലൊസ് ഉപയോഗിച്ചതു ഗലാത്യയിലുള്ളവർ ഒരേ കുടുംബത്തിലാണ് എന്നു ഉറപ്പിക്കുന്നതിനായിരുന്നു. ക്രിസ്തുവിൽ സഹോദരങ്ങൾ ആയതുകൊണ്ടു, അവർക്ക് എല്ലാം ഒരേ ആത്മിയ കുടുംബ സ്വഭാവമാണുള്ളത്, അവരുടെ, പശ്ചാത്തലമോ, സാമൂഹ്യ നിലവാരമോ, ജാതിയോ അവ മുൻപു എന്തായിരുന്നാലും അതൊന്നും പ്രശ്നമല്ല. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന എല്ലാ വരും ക്രിസ്തുവിൽ ഒന്നാണ് എന്നത്രെ പൗലൊസ് പറഞ്ഞത് (ഗലാ ത്യർ 3:27, 28). സ്നാനം നമ്മെ ദൈവമക്കൾ ആക്കുകയും, അങ്ങനെ നമ്മെ യോജിപ്പിക്കയും ചെയ്യുന്നു. അതു നമ്മെ അനേകം മതസംഘ ടനകളാക്കുകയല്ല, മറിച്ചു ഒരേ ഭവനത്തിലാക്കുകയാണ്: ഏകശരീരം (1 കൊരിന്ത്യർ 12:13), ക്രിസ്തുവിന്റെ ശരീരം (1 കൊരിന്ത്യർ 12:27), അതാണ് സഭ (കൊലൊസ്സ്യർ 1:18).

ഇന്നു പല വ്യത്യസ്ത സ്നാനങ്ങൾ പരിശീലിക്കപ്പെടുന്നു, അവ ആളുകളെ പല സഭകളിലാക്കുന്നു. പുതിയ നിയമത്തിലെ ഏക സ്നാനം നമ്മെ അവന്റെ ഏക ശരീരത്തോടു ചേർക്കുന്നു (എഫെ

സ്യർ 4:4, 5). ഏക സ്നാനം നമ്മെ അർത്ഥ – സഹോദരന്മാരെയും അർത്ഥ സഹോദരിമാരെയും ഉണ്ടാക്കുന്നില്ല, മറിച്ചു സഹോദരീസഹോദരന്മാരും, ഒരേ സ്വഭാവമുള്ള ദൈവമക്കളും ആക്കുന്നു. അവർ ഒരേ ഭവനത്തിൽ, ക്രിസ്തുവിൽ യോജിച്ചു ഒന്നായി കഴിയുന്നു. സ്നാനം നല്കിയിരിക്കുന്നതു ഭിന്നിപ്പിക്കുന്നതിനല്ല, മറിച്ചു യോജിപ്പിക്കുന്ന പ്രവൃത്തിയായിട്ടാണ്.

**നാം ക്രിസ്തുവിന്നുള്ളവർ**

അബ്രഹാമിന്റെ സന്തതിയായ യേശു മൂലം നമ്മെ അനുഗ്രഹിക്കാമെന്നു വാഗ്ദാനം ചെയ്തു ആത്മിയ അനുഗ്രഹം നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നതുകൊണ്ടു ലഭിക്കുന്നു (3:29). ആഹാരം നമ്മിൽ പ്രവേശിച്ചു നമുക്കുള്ളതായിത്തീരുന്നതുപോലെ ക്രിസ്തു നമ്മുടെ ആത്മിയ ഭാഗമായി തീരുകയും നാം അവനുള്ളവരായി തീരുകയും ചെയ്യുന്നു. നാം സ്നാനപ്പെട്ടില്ലെങ്കിൽ, നാം യേശുവിന്നു പുറത്താണ് – നാം അവനെ ധരിക്കുകയോ അവന്നുള്ളവരായി മാറുകയോ ചെയ്തിട്ടില്ല.

**ചുരുക്കം**

യേശുവിന്റെ വീണ്ടെടുപ്പിൻ യാഗത്തിലുള്ള വിശ്വാസത്താൽ ദൈവം ആവശ്യപ്പെടുന്ന ഒരു പ്രവൃത്തിയാണ് സ്നാനം. നാം സ്നാനം സ്വീകരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിലെ പാപങ്ങൾ മോചിക്കുവാനും മാറ്റം വരുത്തുവാനും യേശുവിനു കഴിയുമെന്നു നാം വിശ്വസിക്കുന്നു. സ്നാനപ്പെടുന്ന ആൾ ആത്മാർത്ഥമായ ഹൃദയ – പ്രതികരണത്തോടെ അതിന്റെ അർത്ഥം മനസ്സിലാക്കി എടുത്താൽ അതിന്റെ ഫലമായി പുതിയ ജീവിതം ലഭിക്കും (റോമർ 6:4) അതായതു "തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം" (കൊലൊസ്യർ 3:10). അവൻ പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടും (2 കൊരിന്ത്യർ 5:17), ദൈവമകൻ യേശുവിന്റെ സ്വഭാവം ധരിക്കും (ഗലാത്യർ 3:26, 27). ഒരു ചടങ്ങിനോടുള്ള പ്രതികരണം എന്നതിനേക്കാൾ അധികമാണ് സ്നാനം; അതു നമ്മെ ദൈവ മക്കൾ ആക്കുകയും യേശുവിന്റെ സ്വഭാവം സ്വീകരിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യും.

---

കുറിപ്പുകൾ

[1]ഡാനിയൽ സി. അരിക്കിയ ജൂനിയർ. ആന്റ് യൂജീൻ എ. നിഡാ, *എ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോൾസ് ലെറ്റർ റ്റു ദ ഗലേഷ്യൻസ്* (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1976), 83. [2]ജോൺ ആർ. ഡബ്ളിയു. സ്കോട്ട്, *ദ മെസ്സേജ് ഓഫ് ഗലേഷ്യൻസ്: ഒൺലി വൺ വേ* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ – വാർസിറ്റി പ്രെസ്സ്, 1968), 99. [3]ജെയിംസ് ഡി.

ജി. ഡൺ, *ബ്ലാക്ക്സ് ന്യൂ ടെസ്റ്റമെന്റ് കമെന്ററി,* വാല്യം. 9, *എ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഗലേഷ്യൻസ്,* ജെൻ. എഡി. ഹെൻറി ചാഡ്റിക്ക് (പീബോഡി, മാസ്സ്.: ഹെൻഡ്രിക്സൺ, 1995), 203. [4]ജോർജ് എസ്. ഡങ്കൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഗലേഷ്യൻസ്,* ദ മൊഫറ്റ് ന്യൂ ടെസ്റ്റമെന്റ് കമെന്ററി, എഡി. ജെയിംസ് മൊഫറ്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, ഹോഡെർ ആന്റ് സ്റ്റൗറ്റൺ, 1955), 120. [5]ഗലാത്യർ 3-ൽ "വേണ്ടി" എന്നത് വാക്യം 25 ഉം 26 ഉം തമ്മിലും വാക്യം 26 ഉം 27 ഉം തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. [6]ഡാനിയെൽ സി. അരീക്കിയ ജൂനിയറും യൂജീൻ എ. നിഡയും, *എ ട്രാൻസ്‌ലേറ്റേഴ്സ് ഹാൻഡ് ബുക്ക് ഓൺ പോൾസ് ലെറ്റർ ടു ദ ഗലേഷ്യൻസ്* (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1976), 81. [7]എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസ്റ്റിൽ ടു ദ ഗലേഷ്യൻസ്: എ കമെന്ററി ഓൺ ദ ഗ്രീക്ക് ടെക്സ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1982), 182. [8]അരിക്കിയയും നിഡയും, 84. [9]ഹെർമൻ എൻ. റിഡെർബൊസ്, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ചർച്ചസ് ഓഫ് ഗലേഷ്യ,* ദ ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1953), 148. [10]ജോർജ് എസ്. ഡങ്കൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഗലേഷ്യൻസ്,* ദ മൊഫറ്റ് ന്യൂ ടെസ്റ്റമെന്റ് കമെന്ററി, എഡി. ജെയിംസ് മൊഫറ്റ് (ലണ്ടൻ: ഹോഡർ ആന്റ് സ്റ്റഫ്റ്റൺ, 1955), 123.

---

## "ദൈവമക്കൾ" (ഗലാത്യർ 3:26)

"ദൈവമക്കൾ" എന്ന വാക്കിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾ (1) ആരംഭം, (2) ബന്ധം, (3) സ്വഭാവം.

ആദ്യം, നാം ദൈവമക്കളാകുന്നത്, നമ്മുടെ ആത്മിയ ആരംഭം നിമിത്തമാണ്. നാം ദൈവത്താൽ ആത്മിയമായി ജനിച്ചതുകൊണ്ടാണ് അവന്റെ മക്കൾ ആയത്. മാതാപിതാക്കൾക്കു ജനിക്കുന്നവരാണ് അവരുടെ മക്കൾ എന്നപോലെ, ദൈവത്താൽ ജനിച്ചവരാണ് അവന്റെ മക്കൾ. യേശു പറഞ്ഞ വീണ്ടും ജനനം നമ്മിൽ നടന്നാൽ (യോഹന്നാൻ 3:3–5; നോക്കുക 1 പത്രൊസ് 1:3, 23), നാം ദൈവമക്കൾ ആകുന്നു കാരണം നാം ദൈവത്തിൽ നിന്നു ജനിച്ചു (യോഹന്നാൻ 1:13).

രണ്ടാമതു, നാം ദൈവത്തിന്റെ പുത്രന്മാർ, ദൈവമക്കൾ ആയതു, നാം ദൈവത്തോടു ആത്മിയമായി ബന്ധപ്പെട്ടതുകൊണ്ടാണ്. ഈ അർത്ഥത്തിലാണ് പത്രൊസ് "മകനേ" എന്നു മർക്കൊസിനെ വിളിച്ചത് (1 പത്രൊസ് 5:13), അർത്ഥം എന്തെന്നാൽ മർക്കൊസ് ആത്മിയമായി ചെറിയ മകൻ എന്ന രീതിയിൽ പത്രൊസിനോടു ബന്ധപ്പെട്ടിരിക്കുന്നു.

മൂന്നാമതു, നാം ദൈവമക്കൾ ആകുന്നതിന്റെ കാരണം, ആത്മിയമായി ജനിച്ചു, നമ്മെ ജനിപ്പിച്ചവന്റെ സ്വഭാവം നാം സ്വീകരിക്കുന്നതുകൊണ്ടാണ്. 1 യോഹന്നാന്റെ ലേഖനത്തിൽ നിന്നു നാം പഠിക്കുന്നതു, നാം ദൈവത്തിൽ നിന്നു ജനിച്ചതുകൊണ്ടു പാപം ചെയ്യുന്നില്ല (3:9;

5:18). നാം ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യും (4:7), യേശുവിൽ വിശ്വസിക്കും (5:1), ലോകത്തെ ജയിക്കുകയും (5:4) ദുഷ്ടൻ നമ്മെ തൊടാതവണ്ണം കാക്കുകയും ചെയ്യും (5:18).

*ഹുയിയോയി*, – എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് "മക്കൾ" അല്ലെങ്കിൽ "കുഞ്ഞുങ്ങൾ," എന്നും നാം ആരിൽ നിന്നു മക്കളും കുഞ്ഞുങ്ങളുമായോ അവന്റെ സ്വഭാവം നമ്മിൽ ഉണ്ടായിരിക്കും. "മ കൻ" എന്ന അർത്ഥത്തിൽ താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങ ളിൽ ഉപയോഗിച്ചിട്ടുണ്ട്:

"നരകത്തിന്റെ മക്കൾ" (മത്തായി 23:15).
"ഇടിമക്കൾ" (മർക്കൊസ് 3:17).
"സമാധാന പുത്രൻ" [ഗ്രീക്ക്.: *ഹുയിയോസ്,* അർത്ഥം സമാധാന "പുത്രൻ"] (ലൂക്കൊസ് 10:6).
"ഈലോകത്തിന്റെ മക്കൾ" (ലൂക്കൊസ് 16:8; 20:34).
"വെളിച്ച മക്കൾ" (ലൂക്കൊസ് 16:8; യോഹന്നാൻ 12:36; 1 തെസ്സ ലൊനിക്യർ 5:5).
"പുനരുത്ഥാനപുത്രന്മാർ" (ലൂക്കൊസ് 20:36).
"നാശത്തിന്റെ മക്കൾ" (യോഹന്നാൻ 17:12).
"പ്രബോധന പുത്രൻ" (പ്രവൃത്തികൾ 4:36).
"പിശാചിന്റെ മകൻ" (പ്രവൃത്തികൾ 13:10).
"അനുസരണക്കേടിന്റെ മക്കൾ" (എഫെസ്യർ 2:2; 5:6).
"പകലിന്റെ മക്കൾ" (1 തെസ്സലൊനിക്യർ 5:5).
"നാശയോഗ്യൻ" (2 തെസ്സലൊനിക്യർ 2:3).

ഇവ ഓരോന്നിലും, "മകൻ [മക്കൾ]" എന്നതു അതേ സ്വഭാവത്തെ അർത്ഥമാക്കിയിരിക്കുന്നു. നാം അവനാൽ ജനിച്ചതുകൊണ്ടു, ദൈവ ത്തിന്റെ മക്കളായി, അതിനാൽ നാം ആത്മിയമായ നമ്മുടെ ആരംഭം അവനിൽ നിന്നാണ്, ആത്മിയമായി നാം അവനോടു ബന്ധപ്പെട്ടിരിക്ക യും, അവന്റെ കുടുംബപരമായ സ്വഭാവം നമ്മിൽ ഉണ്ടാകുകയും ചെയ്യും.

---

## ആളുകളുടെ വിശ്വാസവും പ്രവൃത്തിയും

യേശുവിന്റെ ഉപദേശത്തെ "ദ ഫെയിത്ത്" എന്നു വിളിച്ചിരുന്നു കാരണം അവന്റെ ശിഷ്യന്മാരിൽ നിന്നും വിശ്വാസം ആവശ്യപ്പെട്ടിരു ന്നു. നമ്മെ പ്രവൃത്തിക്കു പ്രചോദിപ്പിക്കുന്ന ശക്തി വിശ്വാസം ആണ്. വിശ്വാസം പ്രവൃത്തിക്കു നമ്മെ പ്രേരിപ്പിക്കുന്നതുകൊണ്ട് പ്രതിഫലം ലഭിക്കുന്നു. വിശ്വാസം കൂടാതെയുള്ള പ്രവൃത്തി വിലയില്ലാത്തതാണ് (എബ്രായർ 11:6), പ്രവൃത്തിയില്ലാത്ത വിശ്വാസവും വിലയില്ലാത്തതാണ്

(യാക്കോബ് 2:24). പ്രസാദിക്കുന്ന വിശ്വാസത്തെ ദൈവം ചിത്രീകരിച്ചിരുന്നത്, വിശ്വാസം പ്രവൃത്തിയിലേക്കു നീങ്ങുന്നതിന്റെ ഫലമായി ലഭിക്കുന്ന പ്രതിഫലം, എബ്രായർ 11-ൽ നല്കിയിട്ടുണ്ട്. തങ്ങൾ ദൈവത്തിൽ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടു പ്രവർത്തിച്ചു ദൈവത്തെ പ്രസാദിപ്പിച്ചവരെ താഴെ കൊടുത്തിരിക്കുന്നു:

ഹാബേൽ അവന്റെ യാഗം അർപ്പിച്ചു (വാക്യം 4).
ഹാനോക്ക്, ദൈവത്തോടുകൂടെ നടന്നു (നോക്കുക ഉല്പത്തി 5:24),
അതുകൊണ്ടു എടുക്കപ്പെട്ടു (വാക്യം 5).
നോഹ ഒരു പെട്ടകം ഉണ്ടാക്കി (വാക്യം 7).
ദൈവം കല്പിച്ചതു അങ്ങനെ തന്നെ അനുസരിച്ചു അബ്രഹാം
പോയി (വാക്യം 8).
സാറാ ഗർഭം ധരിച്ചു (വാക്യം 11).
അബ്രഹാം യിസഹാക്കിനെ അർപ്പിച്ചു (വാക്യം 17).
യോസേഫ് തന്റെ അസ്ഥികളെ കുറിച്ചു കല്പന കൊടുത്തു
(വാക്യം 22).
മോശെയുടെ മാതാപിതാക്കൾ അവനെ ഒളിപ്പിച്ചു (വാക്യം 23).
മോശെ, താൻ വളർന്നപ്പോൾ, ഫറവോന്റെ പുത്രിയുടെ മകൻ
എന്നു വിളിക്കപ്പെടുവാൻ മടിച്ചു (വാക്യം 24).
മോശെ മിസ്രയിം വിട്ടു (വാക്യം 27).
മോശെ പെസഹ ആചരിച്ചു (വാക്യം 28).
യിസ്രായേൽ മക്കൾ കടലിൽ കൂടെ നടന്നു (വാക്യം 29).
യിസ്രായേൽ യെരിഹോ മതിലിന്നു ചുറ്റും നടന്നു (വാക്യം 30).
രാഹാബ് ഒറ്റുകാരെ ഒളിപ്പിച്ചു (വാക്യം 31).

ഈ അനുസരണ വിശ്വാസത്തിന്റെ ഉദാഹരണങ്ങൾ തെളിയിക്കുന്നത് അനുസരണമുള്ള പ്രവൃത്തിയോടുകൂടെയുള്ള വിശ്വാസമാണ് ദൈവം സ്വീകരിക്കുന്നതു. നാം വിശ്വാസത്താൽ അനുസരിക്കുന്നു കാരണം ദൈവം വാഗ്ദത്തം ചെയ്തതനുസരിച്ചു അവൻ നമുക്കു പ്രതിഫലം നല്കും എന്നു നാം വിശ്വസിക്കുന്നു. അവൻ നമുക്കു തരുന്ന അനുഗ്രഹങ്ങൾ അവന്റെ പ്രവൃത്തികളാൽ നേടുന്നതാണ്; ആ നേട്ടം താൻ ആവശ്യപ്പെടുന്ന വിശ്വാസം പ്രകടമാകുന്ന പ്രവൃത്തിയുടെ ഫലമല്ല.

സ്നാനം ആവശ്യമില്ല എന്നു പഠിപ്പിക്കുന്നവർ അവരുടെ ഉപദേശം പൗലൊസിന്റെ എഴുത്തുകളിൽ “വിശ്വാസം മാത്രം” എന്നു ചേർക്കുന്നതുകൊണ്ടാണ്. എങ്ങനെയായാലും, ഇതു കാണിക്കുന്നത് പൗലൊസിന്റെ ഉപദേശത്തെ അവർ മനസ്സിലാക്കാതിരുന്നതുകൊണ്ടു പൗലൊസിന്റെ പുതിയ നിയമോപദേശത്തെ അവർ വൈപരീത്യമുള്ളതാക്കി മാറ്റുകയാണ്. പിതാവിന്റെ ഇഷ്ടം “ചെയ്യുന്നവരാണ്” രാജ്യത്തിൽ പ്രവേശിക്കുന്നതു എന്നാണ് യേശു പഠിപ്പിച്ചത് (മത്തായി 7:21). ആളുകൾ ദൈവത്തിന്റെ വചനം കേട്ടു “പ്രമാണിക്കുന്നതിനാൽ” ആണ് അനുഗ്രഹിക്കപ്പെടുന്നതു എന്നാണ് അവൻ പറഞ്ഞതു (ലൂക്കൊസ്

11:28). കൂടാതെ, “നിത്യജീവങ്കലേക്കു ... നിലനില്ക്കുന്ന ആഹാരത്തിനായി പ്രവർത്തിപ്പിൻ” എന്നു പറഞ്ഞു ആളുകളെ അവൻ ഉണർത്തി (യോഹന്നാൻ 6:27). “വിശ്വാസത്താലല്ല, പ്രവൃത്തികളാൽ തന്നെ മനുഷ്യൻ നീതീകരിക്കപ്പെടുന്നു” എന്നു യാക്കോബ് പഠിപ്പിച്ചു (യാക്കോബ് 2:24). “സത്യം അനുസരിക്കുന്നതിനാലാണ്” നമ്മുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുന്നതു എന്നു പത്രൊസ് പഠിപ്പിച്ചു (1 പത്രൊസ് 1:22). നാം അവന്റെ കല്പനകളെ പ്രമാണിക്കുന്നതിനാൽ “നാം അവനെ അറിയുന്നു” എന്നും “നാം അവനിൽ ആണ്” എന്നും അറിയുന്നു എന്നു യോഹന്നാൻ എഴുതി (1 യോഹന്നാൻ 2:3–5; 3:24).

“വിശ്വാസം മാത്രം” എന്ന സിദ്ധാന്തം പൗലൊസിനെ വൈപരീത്യമുള്ളവനാക്കുകയാണ്, കാരണം പൗലൊസ് എഴുതി, “നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ടു തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യജീവൻ ലഭിക്കും” (റോമർ 2:7). അവൻ പിന്നെയും പറഞ്ഞു, “നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നു” (റോമർ 6:17, 18); “ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ” (ഫിലിപ്പിയർ 2:12). “തന്നെ അനുസരിക്കുന്നവരുടെ നിത്യരക്ഷയുടെ കാരണഭൂതനാണ്” കർത്താവായ യേശു എന്ന് എബ്രായർ 5:9 പറയുന്നു.

പാപത്തെ നീക്കുന്ന, ഒരു പ്രവൃത്തിയല്ല, സ്നാനം എന്നതു; മറിച്ചു, അതു യേശു ചെയ്ത പ്രവൃത്തികളിൽ അടിസ്ഥാനമാക്കുന്നതിനെ ആസ്പദമാക്കിയിരിക്കുന്നു. ആ വസ്തുതയുടെ അർത്ഥം എന്തെന്നാൽ വിശ്വാസത്തോടു നാം പ്രതികരിക്കുമ്പോൾ ദൈവം ചെയ്ത പ്രവൃത്തികളിലുള്ള വിശ്വാസമാണ് പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

© 2009 Truth for Today